## 476

നീയെൻ സ്വന്തമേ എന്താനന്ദമേ!
ജീവൻ തന്നൊരു നാഥാ എന്നുമേ!-
അതിസുന്ദരൻ നീയെൻ നിത്യാനന്ദമേ നിത്യാനന്ദമേ!-

1 പാപത്തിൻ ഭാരമാകവേ നിൻമേൽ
കുരിശതിൽ ഞാൻ കണ്ടേ -ഹാ കുരിശതിൽ ഞാൻ കണ്ടേ!
ആ ദിനം മുതലെ-ന്നധികളകന്നു കൈവന്നെനിക്കു ഭാഗ്യം-

2 നീയെൻ സങ്കേതം ജീവന്റെ ബലവും
ഭയമെന്തിന്നീയുലകിൽ ഹാ ഭയമെന്തിന്നീയുലകിൽ?
കരുമനകളിലും കരുണയോടരികിൽ കരുണ തുണ നീയേ-ഹാ!

3 ഈ ദിവ്യസ്നേഹം തന്നിൽ നിന്നെന്നെ
വേർതിരിപ്പാനാമോ-ഹാ വേർതിരിപ്പാനാമോ?
ആപത്തും വാളും മൃതിയും വന്നാലും ആവതല്ലൊരു നാളും-ഹാ!

4 നിൻതിരുനാമം എന്നാളുമടിയൻ
പാടിപ്പുകഴ്ത്തിടുമേ-ഹാ പാടിപ്പുകഴ്ത്തിടുമേ
നിൻതിരുമുഖം ഞാൻ കണ്ടിടുമൊരു നാൾ ഹല്ലേലുയ്യാ ആമേൻ ഹാ!

**T.K.S.**